Deshabhimani 12/12/2021

# പ്രകൃതിസംരക്ഷണം നമ്മളെ സംരക്ഷിക്കുന്നതിന് തുല്യം: ടൊവിനോ




ഇലക്ട്രിക് വാഹനറാലി 'ഹരിതയാത്ര' ചലച്ചിത്രതാരം ടൊവിനോ തോമസ് എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, വി കെ പ്രശാന്ത്, യുവജന കമീഷൻ ചെയർപേഴ്സൺ ചിന്ത ജെറോം എന്നിവർക്കൊപ്പം ഫ്ലാഗ് ഓഫ് ചെയ്യുന്നു

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

പ്രകൃതിയെ സംരക്ഷിക്കുന്നത് നമ്മളെ സംരക്ഷിക്കുന്നതിന്റെ ഭാഗമാണെന്ന് ചലച്ചിത്രതാരം ടൊവിനോ തോമസ്. പലപ്പോഴും പറഞ്ഞു കേൾക്കുന്നത് മനുഷ്യൻ പ്രകൃതിയോട് പോരടിക്കുന്നുവെന്നാണ്. എന്നാൽ, അത് തെറ്റായ പ്രയോഗമാണ്. കാരണം, മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്– താരം പറഞ്ഞു. സ്റ്റേറ്റ് എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) സംഘടിപ്പിച്ച ഇലക്ട്രിക് വാഹന റാലി 'ഹരിതയാത്ര' ഉദ്ഘാടനം ചെയ്യുകയായിരുന്നു ടൊവിനോ.

അധികം വൈകാതെ ഇലക്ട്രിക് കാർ വാങ്ങണമെന്ന് ആഗ്രഹമുണ്ട്. അതിൽ യാത്ര നല്ല സുഖമാണ്. ഒറ്റയടിക്ക് എല്ലാവർക്കും വാഹനം മാറ്റാൻ സാധിക്കില്ല. കാലക്രമേണ ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറാൻ കഴിയണമെന്നും പറഞ്ഞു. എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, വി കെ പ്രശാന്ത്, യുവജന കമിഷൻ ചെയർപേഴ്സൺ ചിന്ത ജെറോം, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ആർ ഹരികുമാർ എന്നിവർ സംസാരിച്ചു. ഊർജപക്ഷാചരണത്തിന്റെ ഭാഗമായി മാറാം ഇലക്ട്രിക് വാഹനങ്ങളിലേക്ക് സന്ദേശമുയർത്തിയാണ് റാലി സംഘടിപ്പിച്ചത്. കേരള സർവകലാശാല അങ്കണത്തിൽനിന്ന് ആരംഭിച്ച റാലി സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിച്ചു. ഇലക്ട്രിക് സ്കൂട്ടർ, ഓട്ടോ, കാർ റാലിയുമുണ്ടായിരുന്നു.